നം. CEE/4050/2016/KEAM_2017/TA1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# വിജ്ഞാപനം

## എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ/അനുബന്ധ കോഴ്സുകളിലെ പ്രവേശനം–2017

**സാമുദായിക സംവരണം/പ്രത്യേക സംവരണം/ശാരീരിക ക്ഷമത കുറഞ്ഞവർക്കുള്ള സംവരണം എന്നിവയ്ക്ക് അർഹരായവരുടെ താല്കാലിക കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു.**

2017-ലെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/മെഡിക്കൽ/അനുബന്ധ കോഴ്സുകളിലെയും സർക്കാർ ഫാർമസി കോളേജുകളിലെയും പ്രവേശനത്തിന് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികളിൽ സാമുദായിക സംവരണം, പ്രത്യേക സംവരണം, ശാരീരിക ക്ഷമത കുറഞ്ഞവർക്കുള്ള സംവരണം എന്നിവയ്ക്ക് അർഹരായവരുടെ താൽക്കാലിക കാറ്റഗറി ലിസ്റ്റ് **www.cee-kerala.org** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അപേക്ഷയോടൊപ്പം വിദ്യാർത്ഥികൾ സമർപ്പിച്ച വാർഷിക കുടുംബ വരുമാനം സംബന്ധിച്ച വിവരങ്ങളും ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'KEAM 2017: Candidate Portal'** എന്ന ലിങ്കിലൂടെ അവരവരുടെ ആപ്ലിക്കേഷൻ നമ്പർ, പാസ്സ്‌വേഡ് എന്നിവ നൽകി പ്രവേശിച്ചാൽ ദൃശ്യമാകുന്ന പ്രൊഫൈൽ പേജിലും മേൽ വിവരങ്ങൾ ലഭ്യമാണ്.

കാറ്റഗറി, വാർഷിക കുടുംബ വരുമാനം എന്നിവ സംബന്ധമായി എന്തെങ്കിലും പരാതികൾ ഉള്ളവർ മതിയായ രേഖകൾ/തെളിവുകൾ സഹിതം **'പ്രവേശന പരീക്ഷാ കമ്മീഷണർ, പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, 5–ാം നില, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം'** എന്ന വിലാസത്തിൽ **26.06.2017 വൈകുന്നേരം 5 മണി**ക്കു മുൻപായി സമർപ്പിക്കണം. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല.

ഹെൽപ്പ് ലൈൻ നമ്പരുകൾ **0471 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
22.06.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**